പതിനാലാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 573** 29/11/2018 ൽ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എസ്. ശർമ്മ** | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ TTP, TCCL, SIFL, TELK, Traco Cable Company Ltd, KSIE, KSDP എന്നിവയാണ്. |
| (ബി) വ്യവസായ സ്ഥാപനങ്ങൾക്ക് കിഫ്ബി വഴി നൽകിയ തുക എത്രയെന്ന് വിശദമാക്കാമോ; | (ബി) വ്യവസായ വകുപ്പിന്റെ അധീനതയിൽ കെ.എസ്.ഐ.ഡി.സി. യ്ക്ക് കിഫ്ബിയിൽ നിന്ന് ലൈഫ് സയൻസ് പാർക്ക് പദ്ധതിയുടെ രണ്ടാം ഘട്ടത്തിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി 301.17 കോടി രൂപ നൽകിയിട്ടുണ്ട്.<br>വ്യവസായ വികസനത്തിനായി 5366 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി കിൻഫ്രക്ക് കിഫ്ബിയിൽ നിന്നും 12700 കോടി രൂപയുടെ സ്ഥലമെടുപ്പ് പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളെയും ലാഭത്തിലാക്കുവാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും ആയതിന് എന്തെങ്കിലും കർമ്മപദ്ധതികൾ ആവിഷ്കരിക്കാൻ ആലോചന നടത്തിയിട്ടുണ്ടോയെന്നും | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം |

| | |
|---|---|
| വ്യക്തമാക്കാമോ? | നൽകി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു.ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി വിശകലനം ചെയ്ത് അനുയോജ്യമായ നവീകരണ, വിപുലീകരണ പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ചുവരുന്നത്. ചെലവു കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി ഉൽപാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും, വിപണന സാധ്യതയുള്ള ഉൽപന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിലൂടെയും, വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്ക്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |

Duryal

സെക്ഷൻ ഓഫീസർ